(ഇ) തുറമുഖ വികസന പദ്ധതിയുടെ ഭാഗമായി കേന്ദ്രസർക്കാർ സ്ഥാപനമായ 'റൈറ്റ്സ്' 2020-ാമാണ്ടുവരെയുള്ള തുറമുഖ സൗകര്യ ആവശ്യ കതകളെപ്പറ്റി ഒരു പഠനം നടത്തിയിരുന്നു. പ്രസ്തുത പഠനത്തിൽ വിഴിഞ്ഞം, കായംകുളം, ബേപ്പൂർ എന്നീ തുറമുഖങ്ങൾ വികസന സാദ്ധ്യതയുള്ളതാ ണെന്ന് കണ്ടെത്തിയിട്ടുണ്ട്. ഇതേപ്പറ്റി കൂടുതൽ പഠനം ആവശ്യമാണ്.

15 (*408) ഗ്യാസ് പൈപ്പ് ലൈൻ ബോംബെ ഹൈയിൽനിന്ന് കേരളത്തിലേയ്ക്ക് നീട്ടിക്കിട്ടണമെന്ന ആവശ്യം

ശ്രീ. ബാബു ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗ്യാസ് പൈപ്പ് ലൈൻ ബോംബെ ഹൈയിൽനിന്നും കർണ്ണാട കംവഴി കേരളത്തിലേക്ക് നീട്ടിക്കിട്ടണമെന്ന ആവശ്യം കേന്ദ്രഗവൺമെന്റ് അംഗീകരിച്ചിട്ടുണ്ടോ;

(ബി) പൈപ്പു ലൈൻ പോകുന്നതിന് ഭൂമി അടക്കമുള്ള അടിസ്ഥാന സൗകര്യങ്ങൾ സംസ്ഥാന ഗവൺമെന്റ് നൽകണമെന്ന് കേന്ദ്രഗവൺമെന്റ് എപ്പോഴെങ്കിലും ആവശ്യപ്പെട്ടിട്ടുണ്ടോ;

(സി) ബോംബെ ഹൈയിൽ കത്തിച്ചുകളയുന്ന ഗ്യാസ്, പൈപ്പ് ലൈൻവഴി കേരളത്തിലേയ്ക്ക് നീട്ടിക്കിട്ടണമെന്ന ആവശ്യം സംസ്ഥാനം എപ്പോഴാണ് ആദ്യമായി ഉന്നയിച്ചത്;

(ഡി) കേരളത്തിന്റെ ഈ ആവശ്യത്തോട് സാങ്കേതികമായി എന്തെ ങ്കിലും തടസ്സം കേന്ദ്രഗവൺമെന്റ് അറിയിച്ചിട്ടുണ്ടോ;

(ഇ) സംസ്ഥാനത്തിന്റെ വ്യവസായവൽക്കരണത്തിന് ഈ ഗ്യാസ് ഏതെല്ലാം രീതിയിൽ പ്രയോജനപ്പെടുത്താൻ കഴിയുമെന്ന് പരിശോധിച്ചി ട്ടുണ്ടോ;

(എഫ്)ഇതു സംബന്ധിച്ച് കേന്ദ്രഗവൺമെന്റിന്റെ സമീപനം എന്താ ണെന്ന് വെളിപ്പെടുത്തുമോ?

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) :

(എ) അംഗീകരിച്ചതായി അറിവില്ല.

(ബി) ഇപ്രകാരം ഒരാവശ്യം ഉന്നയിച്ചതായി കാണുന്നില്ല.

(സി) ബോംബെ ഹൈയിൽ കത്തിച്ചുകളയുന്ന വാതകം ദക്ഷിണ സംസ്ഥാനങ്ങളുടെയോ കേരളത്തിന്റെയോ ഉപയോഗത്തിന് അപര്യാപ്ത മാണ് എന്നാണ് അറിവ്. അതിനാൽ ബോംബെ ഹൈയിൽനിന്നുള്ള വാതകം പൈപ്പുവഴി ദക്ഷിണ സംസ്ഥാനങ്ങളിലേയ്ക്കോ കേരളത്തിലേയ്ക്കോ കൊണ്ടുവരുന്നത് സാമ്പത്തികാടിസ്ഥാനത്തിൽ വിജയകരമല്ല.

(ഡി) ഇല്ല.

(ഇ) പ്രകൃതി വാതകത്തിന്റെ ലഭ്യത തീർച്ചയായും സംസ്ഥാന ത്തിന്റെ വ്യവസായവൽക്കരണത്തിന് പ്രയോജനപ്പെടും. തെർമൽ പവർ പ്ലാന്റിലെ ഇന്ധനമായും ഫെർട്ടിലൈസർ മുതലായ പ്ലാന്റുകളുടെ അസം സ്കൃത വസ്തുവായും ആണ് പ്രകൃതി വാതകം പ്രധാനമായും ഉപയോഗി ക്കുന്നത്.

406/2010.

LIBRARY ARCHIVES Kerala Legislative Assembly

(എഫ്)ബോംബെ ഹൈയിൽ കത്തിച്ചുകളയുന്ന വാതകം ദക്ഷിണ സംസ്ഥാനങ്ങളുടെ ആവശ്യത്തിന് തീരെ അപര്യാപ്തമാണെന്ന് കണ്ടതിനാൽ ഗൾഫ് നാടുകളിൽനിന്നും വാതകം പൈപ്പുലൈൻ വഴി ഇന്ത്യയിലെ ഗുജറാത്തിൽ എത്തിക്കുകയും അവിടെനിന്ന് വീണ്ടും പൈപ്പു ലൈൻവഴി വാതകം ദക്ഷിണ സംസ്ഥാനങ്ങളിൽ എത്തിക്കുവാനുമുള്ള ഒരു പദ്ധതി കേന്ദ്ര ഗവൺമെന്റ് ആലോചിച്ചിരുന്നു. ''ദക്ഷിണ സംസ്ഥാന വാതക ഗ്രിഡ്'' എന്നാണ് ഈ പദ്ധതിക്ക് പേരിട്ടിരുന്നത്. കേരളം, തമിഴ്നാട്, കർണ്ണാടകം, ആന്ധ്രാ പ്രദേശ്, ഗോവ എന്നീ സംസ്ഥാനങ്ങളും പോണ്ടിച്ചേരിയും സംയുക്തമായി ഈ ആവശ്യത്തിലേക്ക് ഒരു പ്രാഥമിക പ്രോജക്ട് റിപ്പോർട്ടും തയ്യാറാക്കിയിരുന്നു. ഈ റിപ്പോർട്ട് പ്രകാരം ഗുജറാത്തിൽനിന്ന് വാതകം ദക്ഷിണ സംസ്ഥാനങ്ങളിൽ എത്തിക്കുന്നതിനുള്ള ചെലവ് ഏകദേശം 15000 കോടി രൂപയായിരുന്നു. ഗൾഫിൽനിന്നുള്ള പ്രകൃതി വാതക ലഭ്യതയുടെ അവ്യക്തതയും സമുദ്രാന്തർഭാഗത്തു കൂടിയുള്ള വാതക പൈപ്പ് ലൈനിന്റെ ടെക്നോളജിയുടെ അപൂർണ്ണതയും കാരണം കേന്ദ്ര ഗവൺമെന്റ് ദക്ഷിണ വാതക ഗ്രിഡ് പ്രോജക്ടിന്റെ തുടർന്നുള്ള നടപടികൾ നിർത്തിവച്ചിരിക്കുകയാണ്.

16 (*409) ''ദന്തൽ കോളേജിലെ ചികിത്സാ സൗകര്യങ്ങൾ''

ശ്രീ. ആനത്തലവട്ടം ആനന്ദൻ :
ശ്രീ. പിരപ്പൻകോട് മുരളി :
ശ്രീ. എം.എ. തോമസ് :
ശ്രീ. പി.ടി. കുഞ്ഞിമുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം ദന്തൽ കോളേജിൽ വികസിത രാജ്യങ്ങളിലെ ദന്തൽ കോളേജുകളിൽ ലഭ്യമാക്കുന്ന ചികിത്സാ സൗകര്യങ്ങൾ ലഭ്യമാക്കാൻ എന്തെങ്കിലും പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ;

(ബി) എങ്കിൽ ഏതൊക്കെ ചികിത്സാ സൗകര്യങ്ങളാണ് പുതിയതായി ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) തിരുവനന്തപുരം ദന്തൽ കോളേജിൽ തുടർ ഉന്നത വിദ്യാഭ്യാസ പരിപാടികൾക്കുള്ള സാദ്ധ്യതകൾ എന്തൊക്കെ എന്ന് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്താമോ;

(ഡി) തിരുവനന്തപുരം ദന്തൽ കോളേജ് മെമ്പർ ഓഫ് ഓർത്തോഡോണ്ടിക്സ് ഉന്നത പരീക്ഷാ കേന്ദ്രമാക്കാൻ ഉദ്ദേശമുണ്ടോ?

ആരോഗ്യവും സ്പോർട്ട്സും വകുപ്പുമന്ത്രി (ശ്രീ. എ.സി. ഷൺമുഖദാസ്) :

(എ)&(ബി) ഗൈഡ്സ് ടിഷ്യൂ, റീജനറേഷൻ പ്രൊസീഡീയർ, ബോൺഗ്രാഫ്റ്റ്സ് ടൈറ്റാനിയം, സ്റ്റെയിൻലസ്സ്റ്റീൽ, പ്ലേറ്റ്സർജറി, ഓർത്തോഗാനിറ്റിക് സർജറി, കോൾഷ്യസ്സേഷൻ, ഇംപ്ലാന്റോളജി എന്നീ ചികിത്സാരീതികൾ പുതിയതായി ഏർപ്പെടുത്തിയിട്ടുണ്ട്.

(സി) എല്ലാ വിഭാഗങ്ങളിലും ഇന്ത്യൻ ദന്തൽ കൗൺസിലിന്റെ അംഗീകാരമുള്ള ഉന്നത വിദ്യാഭ്യാസ പദ്ധതി നിലവിലുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly